LIBRARY ARCHIVES Kerala Legislative Assembly

ഓൺലൈൻ പഠന സൗകര്യം

38 (344) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഓൺലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർത്ഥികൾക്ക് അതിനാവശ്യമായ സൗകര്യം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കാമോ ?

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്, ടാബ്ലറ്റ് തുടങ്ങിയ ഉപകരണങ്ങൾ പട്ടികവർഗ്ഗ ഉപ പദ്ധതി വിഹിതം/തനതു ഫണ്ടുപയോഗിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ വാങ്ങി നൽകേണ്ടതാണെന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്. [ഉത്തരവ് അനുബന്ധമായി* ചേർക്കുന്നു.] കൂടാതെ കൈറ്റ് വഴി ഏതാണ്ട് ഒരു ലക്ഷം ലാപ്ടോപ്പുകൾ പട്ടികവർഗ്ഗ മേഖലയിലുള്ള ഡിജിറ്റൽ പഠനോപകരണങ്ങൾ ഇല്ലാത്ത വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുന്നതിനും ഉത്തരവായിട്ടുണ്ട്. [ഉത്തരവ് അനുബന്ധമായി* ചേർക്കുന്നു.] പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിവിധ വകുപ്പുകളും, സ്ഥാപനങ്ങളും വിതരണം ചെയ്യുന്ന ഉപകരണങ്ങൾ അർഹരായ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്നതിന് പ്രോജക്ട് ഓഫീസർ/അസിസ്റ്റന്റ് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരെ നോഡൽ ഓഫീസർമാരായി പട്ടികവർഗ്ഗ വികസന വകുപ്പ് ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠനത്തിനാവശ്യമായ ഇന്റർനെറ്റ് സൗകര്യം കുറവുള്ള/ലഭ്യമല്ലാത്ത 1034 കോളനികളുടെ വിശദവിവരങ്ങൾ ഐ.ടി. വകുപ്പിന് കൈമാറിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്ത 74 കോളനികളിൽ ANERT-ന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പഠനാവശ്യത്തിനായി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഡിജിറ്റൽ പഠനോപകരണങ്ങളുടെ ലഭ്യത കുറവ്, ഇന്റർനെറ്റ് കണക്ടിവിറ്റിയുടെ അഭാവം, രക്ഷകർത്താക്കളുടെ പിന്തുണയില്ലായ്മ, വൈദ്യുതി കണക്ഷൻ ലഭ്യമല്ലാത്തത് തുടങ്ങിയ തലങ്ങളിലാണ് പ്രധാനപ്പെട്ട വെല്ലുവിളികൾ ഉള്ളത്. പഠനോപകരണങ്ങൾ ഇല്ലാത്തതും, ഇന്റർനെറ്റ് കണക്ടിവിറ്റി ലഭ്യമല്ലാത്തതുമായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനായി 250 സാമൂഹ്യ പഠനമുറികൾ വകുപ്പ് സജ്ജീകരിച്ചിട്ടുണ്ട്. കൂടാതെ ഓൺലൈൻ പഠന കേന്ദ്രങ്ങൾ, ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, നഴ്സറി സ്കൂളുകൾ, MGLC (മൾട്ടി ഗ്രേഡ് ലേർണിംഗ് സെന്റേഴ്സ്) കൾ എന്നിവ മുഖേനയും ഓൺലൈൻ പഠനത്തിനായുള്ള

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. ഇന്റർനെറ്റ്/DTH സൗകര്യങ്ങൾ ഇല്ലാത്ത കോളനികളിൽ മോഡൽ റെസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർ, സാമൂഹ്യ പഠനമുറികളിലെയും ഓൺലൈൻ പഠന കേന്ദ്രങ്ങളിലെയും ഫെസിലിറ്റേറ്റർമാർ, വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മെന്റർ ടീച്ചർമാർ എന്നിവർ മുഖേന വിക്ടേഴ്സ് ചാനലിൽ ലഭ്യമായ ക്ലാസ്സുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കി അവരുടെ പഠനത്തെ സഹായിക്കുന്നുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓൺലൈൻ/ ഡിജിറ്റൽ രീതിയിലുള്ള പഠനത്തിന് തടസ്സം നേരിടുന്ന 1 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ടാബ്ലറ്റും, ബിരുദം, ബിരുദാനന്തര ബിരുദം, മറ്റ് പോസ്റ്റ്മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പും വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു.

സാമൂഹ്യ പഠനമുറി പദ്ധതിയുടെ ധനസഹായം

39 (345) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹ്യ പഠനമുറി പദ്ധതിയുടെ ധനസഹായം ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്കാണോ നൽകുന്നത്; യഥാർത്ഥ ഗുണഭോക്താവ് തന്നെയാണ് ആനുകൂല്യം കൈപ്പറ്റുന്നതെന്ന് ഉറപ്പാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി ഊരുകളിലെ കമ്മ്യൂണിറ്റി ഹാളുകളിലോ, സമാന ഇടങ്ങളിലോ 'സാമൂഹ്യപഠന മുറി' പദ്ധതി നടപ്പിലാക്കി വരുന്നു. ഒരു സാമൂഹ്യ പഠന മുറിയിൽ 30 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരുമിച്ച് പഠനം നടത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സാമൂഹ്യ പഠന മുറി പദ്ധതിയിൽ വിദ്യാർത്ഥികൾക്ക് നേരിട്ട് യാതൊരുവിധ ധനസഹായവും നൽകുന്നില്ല.

സാമൂഹ്യ പഠനമുറി പദ്ധതി

40 (346) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ പഠനമുറി പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥർ ആരാണെന്ന് അറിയിക്കാമോ?